പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1965      19.06.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യൂണിയനുകളുമായി ഒപ്പുവച്ച ശമ്പള കരാർ

ചോദ്യം — ശ്രീ. എം. ഉമ്മർ

ഉത്തരം — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യൂണിയനുകളുമായി ഒപ്പു വച്ച ശമ്പള കരാർ പ്രകാരം ജീവനക്കാർക്ക് എന്നു മുതലാണ് ആനുകൂല്യങ്ങൾ നല്കിത്തുടങ്ങുന്നത്; | (എ) | കെ.എസ്.ആർ.ടി.സി. യിലെ അംഗീകൃത യൂണിയനുകളുമായി 22.05.2012 -ൽ ഒപ്പുവെച്ച ശമ്പളകരാർ പ്രകാരം 01.03.2011 -മുതൽ കരാറിന് പ്രാബല്യമുണ്ട്. ഈ കരാറിന് കെ.എസ്.ആർ.ടി.സി. യുടെ ഭരണ സമിതിയുടെ അംഗീകാരവും തുടർന്ന് സർക്കാർ അനുമതിയും ലഭ്യമായതിന് ശേഷം മാത്രമേ ആനുകൂല്യങ്ങൾ അനുവദിക്കാൻ കഴിയുകയുള്ളൂ. 01.03.2011 മുതൽ നോഷണൽ ആനുകൂല്യം മാത്രവും, നടപ്പിലാക്കുന്ന തീയതി മുതൽ സാമ്പത്തിക ആനുകൂല്യവുമാണ് അനുവദിക്കാൻ വ്യവസ്ഥയുള്ളത്. ആയതിനാൽ ശമ്പളപരിഷ്ക്കരണ കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. |
| (ബി) | സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ലഭിക്കുന്ന ഡി.എ. നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ നിലനിൽക്കുന്ന അന്തരം ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും റഫറണ്ടത്തിന് മുമ്പായി ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ഡി.എ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ലഭിക്കുന്ന ഡി.എ നിരക്ക് 30% കുറവാണ്. ഇതിൽ 10% 01.07.2012 മുതൽ നൽകുന്നതിന് അംഗീകൃത സംഘടനാ പ്രതിനിധികളുമായുള്ള ചർച്ചയിൽ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ